ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 18.03.2025** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. പ്രതിപക്ഷ ബഹളത്തെ തുടർന്ന് പാർലമെൻറിൻറെ ഇരുസഭകളും ഇന്നത്തേക്ക് പിരിഞ്ഞു. ഇന്ത്യയുടെ നാനാത്വത്തിൽ ഏകത്വം എന്ന സവിശേഷത മഹാ കുംഭമേളയിൽ ദൃശ്യമായതായി പ്രധാനമന്ത്രി ലോക്സഭയിൽ .

**Both houses of Parliament adjourned for the today. The Prime Minister said in the Lok Sabha that the Maha Kumbh Mela was a showcase of India's unity in diversity.**

2. സ്വതന്ത്ര വ്യാപാര കരാർ സംബന്ധിച്ച ചർച്ചകൾ ഇന്ത്യ- ന്യൂസിലാൻഡ് ബന്ധം ശക്തിപ്പെടുത്തുമെന്ന് കേന്ദ്ര മന്ത്രി പീയൂഷ് ഗോയൽ.

**Union Minister Piyush Goyal says talks on the free trade agreement will strengthen India–New Zealand ties.**

3. വോട്ടർ ഐഡി ആധാറുമായി ബന്ധിപ്പിക്കുന്നത് ഭരണഘടനയിലെ 326-ാം അനുച്ഛേദം ഉൾപ്പെടയുള്ളവയുടെ വ്യവസ്ഥകളുടെ

അടിസ്ഥാനത്തിലായിരിക്കുമെന്ന് കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷൻ.

The Election Commission has said that linking of voter ID with Aadhaar will be based on the provisions of Article 326 of the Constitution and other related acts and judgements.

4. ഇടുക്കിയിലെ വൻകിട ഭൂമി കൈയേറ്റ വിഷയങ്ങളെച്ചൊല്ലി കേരള നിയമസഭയിൽ ഇന്നും പ്രതിപക്ഷ വാക്ക് ഔട്ട്.

The opposition conducted a walkout in the Kerala Assembly today over the issue of large-scale land encroachment in Idukki.

5. ഇറ്റലിയിൽ നടന്ന സ്പെഷ്യൽ ഒളിമ്പിക്സ് വേൾഡ് വിന്റർ ഗെയിംസിൽ പങ്കെടുത്ത ഇന്ത്യൻ സംഘവുമായി പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് കൂടിക്കാഴ്ച നടത്തി. ഇന്ത്യൻ താരങ്ങൾ രാജ്യത്തിന് അഭിമാനമാണെന്ന് പ്രധാനമന്ത്രി.

Prime Minister Narendra Modi today met the Indian contingents participated in the Special Olympics World Winter Games in Italy. The Prime Minister said that the Indian athletes are the pride of the country.

&&&&&&&&&&&&&&&&&&

## PARLIAMENT

പ്രതിപക്ഷ ബഹളത്തെ തുടർന്ന് പാർലമെൻറിൻറെ ഇരുസഭകളും ഇന്നത്തേക്ക് പിരിഞ്ഞു. മഹാകുംഭമേള സംബന്ധിച്ച് ലോക്സഭയിൽ പ്രധാനമന്ത്രി നരേന്ദ്രമോദി പ്രസ്താവന നടത്തി . ഇന്ത്യയുടെ ഐക്യവും, നാനാത്വത്തിൽ ഏകത്വം എന്ന സവിശേഷതയും മഹാ കുംഭമേളയിൽ ദൃശ്യമായതായി അദ്ദേഹം പറഞ്ഞു. എന്നാൽ ഏത് ചട്ടപ്രകാരമാണ് പ്രധാനമന്ത്രിക്ക് പ്രസ്താവന നടത്താൻ അനുമതി നൽകിയതെന്ന് ആരാഞ്ഞ് പ്രതിപക്ഷം സഭയിൽ പ്രതിഷേധിച്ചു. കുംഭമേളയ്ക്കിടെ തിക്കും തിരക്കിലുംപെട്ട് ആളുകൾ മരിക്കാനിടയായ സംഭവം പ്രസ്താവനയിൽ ഉൾപ്പെടുത്തണമെന്നും പ്രതിപക്ഷം ആവശ്യപ്പെട്ടു. രാജ്യസഭയിലും വിവിധ വിഷയങ്ങൾ ഉന്നയിച്ച് പ്രതിപക്ഷം പ്രതിഷേധിക്കുകയായിരുന്നു.

&&&&&&&&&&&&&&&&&&&

**GOYAL- PM NEW ZEALAND**

സ്വതന്ത്ര വ്യാപാര കരാർ സംബന്ധിച്ച ചർച്ചകൾ ഇന്ത്യ-ന്യൂസിലാൻഡ് ബന്ധം ശക്തിപ്പെടുത്തുമെന്ന് കേന്ദ്ര വാണിജ്യ- വ്യവസായ മന്ത്രി പീയൂഷ് ഗോയൽ. ഇന്ത്യ-ന്യൂസിലാൻഡ് സാമ്പത്തിക ഫോറത്തെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. പരസ്പര സഹായത്തോടെ മുന്നോട്ട് പോയാൽ ഇരു രാജ്യങ്ങൾക്കും പത്തിരട്ടി വളർച്ച കൈവരിക്കാൻ സാധിക്കുമെന്നും അദ്ദേഹം പ്രത്യാശ പ്രകടിപ്പിച്ചു.

&&&&&&&&&&&&&&&&&&&

**NADDA**

കേന്ദ്ര ആരോഗ്യമന്ത്രി ജെ.പി.നഡ്ഡ ന്യൂസ്‌ലാൻറ് പ്രധാനമന്ത്രിയുമായി ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തി. സാധാരണ ജനങ്ങൾക്ക് താങ്ങാനാവുന്ന നിരക്കിൽ ലോകോത്തര നിലവാരമുള്ള ചികിത്സ നല്കുന്നത് ഇന്ത്യയെ ആരോഗ്യ ടൂറിസം മേഖലയിലെ പ്രധാന കേന്ദ്രമാക്കി മാറ്റിയതായും ശ്രീ.നഡ്ഡ അഭിപ്രായപ്പെട്ടു.

&&&&&&&&&&&&&&&&&&&

**LS- RAILWAYS DISCUSSION**

കഴിഞ്ഞ പത്ത് വർഷത്തിനിടെ ഇന്ത്യൻ റെയിൽവേ അഞ്ച് ലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിച്ചതായും നിലവിൽ ഒരു ലക്ഷത്തിലധികം നിയമന നടപടികൾ പുരോഗമിക്കുകയാണെന്നും കേന്ദ്ര റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവ്. ഇന്ത്യൻ റെയിൽവേ ഇപ്പോൾ മികച്ച സാമ്പത്തിക സ്ഥിതി കൈവരിച്ചിട്ടുണ്ടെന്നും റെയിൽവേ മന്ത്രാലയത്തിന്റെ പ്രവർത്തനം സംബന്ധിച്ച് ലോക്‌സഭയിലെ ചർച്ചയ്ക്ക് മറുപടി നൽകവേ അദ്ദേഹം വ്യക്തമാക്കി.

&&&&&&&&&&&&&&&&&&&

**RS-LOANS INTRO**

രാജ്യത്ത് എഴുതിത്തള്ളിയ രണ്ട് ലക്ഷത്തി 27,000 കോടി രൂപയിലധികം രൂപയുടെ വായ്പകൾ പൊതുമേഖലാ ബാങ്കുകൾ തിരിച്ചുപിടിച്ചതായി കേന്ദ്ര ധനമന്ത്രി നിർമ്മല സീതാരാമൻ . എഴുതിത്തള്ളിയ വായ്പകളുടെ തിരിച്ചുപിടിക്കൽ 2022-23 സാമ്പത്തിക വർഷം, 35,000 കോടി രൂപയിലധികം ഉയർന്നതായി ധനമന്ത്രി രാജ്യസഭയെ അറിയിച്ചു .

(വോയിസ്)

&&&&&&&&&&&&&&&&&&

## RS-DEMAND OF GRANTS

മണിപ്പൂരിനെ സാധാരണനിലയിലേക്ക് കൊണ്ടുവരാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് കേന്ദ്ര ധനമന്ത്രി നിർമ്മലാ സീതാരാമൻ. മറ്റ് സംസ്ഥാനങ്ങളെ പോലെ തന്നെ മണിപ്പൂരിനെയും വികസനത്തിലും അഭിവൃത്തിയിലുമെത്തിക്കുക എന്നതാണ് എല്ലാവരുടെയും ആഗ്രഹമെന്നും രാജ്യസഭയിൽ മണിപ്പൂർ ബജറ്റ് സംബന്ധിച്ച ചർച്ചയിൽ കേന്ദ്രമന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&&&&

## LS-DMK WALK OUT

പാർലമെന്ററി, നിയമസഭാ മണ്ഡലങ്ങളുടെ പുനഃനിർണയ പ്രക്രിയയെച്ചൊല്ലി ഡിഎംകെ എംപിമാർ ഇന്ന് ലോക്സഭയിൽ നിന്ന് ഇറങ്ങിപ്പോയി. ഇന്ന് രാവിലെ സഭ ചേർന്നപ്പോൾ

ഡിഎംകെ നേതാക്കൾ വിഷയം ഉന്നയിക്കാൻ ശ്രമിച്ചെങ്കിലും സ്പീക്കർ അനുമതി നിഷേധിച്ചു. ഇതോടെയാണ് ഡിഎംകെ അംഗങ്ങൾ ലോക്സഭയിൽ നിന്ന് ഇറങ്ങിപ്പോയത്. വിഷയത്തിൽ സർക്കാരിൽ നിന്ന് വിശദീകരണം വേണമെന്ന് ഡിഎംകെ എംപി കനിമൊഴി പാർലമെന്റിന് പുറത്ത് മാധ്യമങ്ങളോട് പ്രതികരിച്ചു.

&&&&&&&&&&&&&&&&&&

**PRALHAD JOSHI – NAGPUR VIOLENCE**

നാഗ്പൂർ അക്രമ സംഭവങ്ങളിൽ ഉൾപ്പെട്ടവർക്കെതിരെ മഹാരാഷ്ട്ര സർക്കാർ നടപടി സ്വീകരിക്കുമെന്ന് കേന്ദ്രമന്ത്രി പ്രൾഹാദ് ജോഷി. പാർലമെൻറിനു പുറത്ത് മാധ്യമപ്രവർത്തകരോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. വിഷയം സംസ്ഥാന സർക്കാർ മികച്ച രീതിയിലാണ് കൈകാര്യം ചെയ്യുന്നതെന്നും കേന്ദ്രമന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&&&&

**CEC MEET-VOTER ID ADHAAR**

വോട്ടർ ഐഡി ആധാറുമായി ബന്ധിപ്പിക്കുന്നത് ഭരണഘടനയിലെ 326-ാാം അനുച്ഛേദം, ജനപ്രാതിനിധ്യ നിയമം, സുപ്രീംകോടതി നീതിന്യായങ്ങൾ എന്നിവയുടെ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ നടപ്പിലാക്കുമെന്ന് കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷൻ. ഇതുമായി ബന്ധപ്പെട്ട് മുഖ്യ

തെരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനേഷ്കുമാറിൻറെ നേതൃത്വത്തിൽ ന്യൂഡൽഹിയിൽ നടന്ന യോഗത്തിലാണ് തീരുമാനം. തെരഞ്ഞെടുപ്പ് പ്രക്രിയയുമായി ബന്ധപ്പെട്ടുള്ള വെല്ലുവിളികൾ നേരിടാൻ നിരവധി നടപടികൾ കൈക്കൊണ്ടു വരുന്നതായി തെരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചു.

&&&&&&&&&&&&&&&&&&

**TULSI GABBARD–RAISINA DIALOGUE (INTRO)**

റെയിസിന സംഭാഷണത്തിലേക്ക് തന്നെ ക്ഷണിച്ചതിന് പ്രധാനമന്ത്രി നരേന്ദ്ര മോദിക്ക് നന്ദി അറിയിച്ച് അമേരിക്കൻ ദേശീയ ഇൻറലിജൻസ് ഡയറക്ടർ തുൽസി ഗബ്ബാർഡ്. സന്ദർശനത്തിൻറെ ഭാഗമായി നിർണായക ചർച്ചകൾ നടത്തിയതായും അവർ പറഞ്ഞു.

(ഹോൾഡ് വോയ്സ്......)

&&&&&&&&&&&&&&&&&&

**ASSEMBLY WALKOUT**

ഇടുക്കി പരുന്തുംപാറ ഉൾപ്പെടെയുള്ള പ്രദേശങ്ങളിലെ വൻകിട ഭൂമി കൈയേറ്റ വിഷയങ്ങളിൽ നിയമസഭയിൽ ഇന്ന് പ്രതിപക്ഷ വാക്ക് ഔട്ട്. ഭൂമി കൈയേറ്റ പ്രശ്നങ്ങൾ മലയോര ജനതയിൽ സൃഷ്ടിക്കുന്ന ആശങ്ക സഭ നിർത്തി വെച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ട് പ്രതിപക്ഷത്ത് നിന്ന് മാത്യു കുഴൽനാടൻ ആണ് ഉപക്ഷേപത്തിന് നോട്ടീസ് നൽകിയത്. ഭൂമി കൈയേറ്റങ്ങൾക്കെതിരെ ശക്തമായ നടപടികളാണ്

സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് റെവന്യു മന്ത്രി കെ രാജൻ മറുപടി നൽകി. മന്ത്രിയുടെ മറുപടിയെ തുടർന്ന് ഉപക്ഷേപത്തിന് സ്പീക്കർ അനുമതി നിഷേധിക്കുകയായിരുന്നു. ഭൂമി കൈയേറ്റങ്ങൾക്ക് ഉദ്യോഗസ്ഥരും കൂട്ട് നിൽക്കുകയാണെന്ന് പ്രതിപക്ഷ നേതാവ് വി.ഡി.സതീശൻ വാക്ക്ഔട്ട് പ്രസംഗത്തിൽ ആരോപിച്ചു.

&&&&&&&&&&&&&&&&&&

## PM – SPECIAL OLYMPICS

ഇറ്റലിയിലെ ട്യൂറിനിൽ നടന്ന സ്പെഷ്യൽ ഒളിമ്പിക്സ് വേൾഡ് വിന്റർ ഗെയിംസിൽ പങ്കെടുത്ത ഇന്ത്യൻ സംഘവുമായി പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് കൂടിക്കാഴ്ച നടത്തി. സ്പെഷ്യൽ ഒളിമ്പിക്സിൽ 33 മെഡലുകൾ നേടിയ സംഘത്തെ അഭിനന്ദിച്ച പ്രധാനമന്ത്രി ഇന്ത്യൻ താരങ്ങൾ രാജ്യത്തിന് അഭിമാനമാണെന്ന് സമൂഹമാധ്യമത്തിൽ കുറിച്ചു.

&&&&&&&&&&&&&&&&&&

## HC REFUSES STAY: KAPIL MISHRA

2020 ലെ നിയമസഭാ തെരഞ്ഞെടുപ്പിൽ ആക്ഷേപകരമായ പ്രസ്താവനകൾ നടത്തിയതിനും മാതൃകാ പെരുമാറ്റച്ചട്ടം ലംഘിച്ചതിനും ഡൽഹി നിയമമന്ത്രി കപിൽ മിശ്രയ്ക്കെതിരായുള്ള വിചാരണാ നടപടികൾ സ്റ്റേ

ചെയ്യാൻ ഡൽഹി ഹൈക്കോടതി വിസമ്മതിച്ചു. കൂടുതൽ വാദം കേൾക്കുന്നതിനായി കേസ് മെയ് 19 ലേക്ക് മാറ്റി. എന്നാൽ വിചാരണാ കോടതി നടപടികൾ മറ്റന്നാൾ മുതൽ തുടരും.

&&&&&&&&&&&&&&&&&&&

## RBI MOU

അതിർത്തി കടന്നുള്ള ഇടപാടുകളിൽ പ്രാദേശിക കറൻസികൾ ഉപയോഗിക്കുന്നത് സംബന്ധിച്ച് റിസർവ് ബാങ്ക് ഓഫ് ഇന്ത്യയും ബാങ്ക് ഓഫ് മൗറീഷ്യസും ധാരണാപത്രം ഒപ്പിട്ടു. ഉഭയകക്ഷി വ്യവഹാരത്തിൽ ഇന്ത്യൻ രൂപയും മൗറീഷ്യസ് രൂപയും ഉപയോഗിക്കുന്നതിന് ധാരണാപത്രം സഹായകമാകുമെന്ന് ആർബിഐ വ്യക്തമാക്കി.

&&&&&&&&&&&&&&&&&&&

## NASA – SPACEX

അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിൽ ഒമ്പത് മാസത്തിലേറെയായി കുടുങ്ങിക്കിടക്കുന്ന ബഹിരാകാശയാത്രികരായ സുനിത വില്യംസും, ബുച്ച് വിൽമോറും ഭൂമിയിലേക്ക് മടക്കയാത്ര ആരംഭിച്ചു. സ്പേസ് എക്സ് ക്രൂ ഡ്രാഗൺ ക്രാഫ്റ്റിലാണ് ഇരുവരെയും തിരികെ എത്തിക്കുന്നത്. ഇന്ന് രാവിലെ ഇന്ത്യൻ സമയം 10.35 ന് പേടകം ഭൂമിയിലേക്ക് യാത്ര ആരംഭിച്ചു. 17 മണിക്കൂർ

യാത്രയ്ക്കൊടുവിൽ ഇന്ത്യൻ സമയം നാളെ പുലർച്ചെ 3.27 ഓടെ നാല് യാത്രികരുമായി പേടകം ഭൂമിയിൽ എത്തും.

&&&&&&&&&&&&&&&&&&

## PM-SUNITA WILLIAMS

നാസ ബഹിരാകാശയാത്രിക സുനിത വില്യംസിന് സുരക്ഷിതമായ തിരിച്ചുവരവ് ആശംസിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി. ബഹിരാകാശത്ത് നിന്ന് മടങ്ങിയെത്തിയ ശേഷം ഇന്ത്യ സന്ദർശിക്കാൻ പ്രധാനമന്ത്രി മോദി കത്തിലൂടെ സുനിത വില്യംസിനെ ക്ഷണിച്ചു. പ്രധാനമന്ത്രി എഴുതിയ കത്ത് കേന്ദ്രമന്ത്രി ജിതേന്ദ്ര സിംഗാണ് തന്റെ സമൂഹ മാധ്യമത്തിലൂടെ പങ്കുവച്ചത് .

&&&&&&&&&&&&&&&&&&

## DG DIA- AUSTRALIA VISIT

പ്രതിരോധ ഇൻറലിജൻസ് ഏജൻസി ഡയറക്ടർ ജനറൽ ലഫ്റ്റനൻറ് ജനറൽ ഡി എസ് റാണ നാളെ മുതൽ ഈ മാസം 21 വരെ ഓസ്ട്രേലിയ സന്ദർശിക്കും. ഇരു രാജ്യങ്ങളും തമ്മിലുള്ള ഉഭയകക്ഷി പ്രതിരോധ സഹകരണം മെച്ചപ്പെടുത്താനും നയതന്ത്ര ബന്ധം വർദ്ധിപ്പിക്കാനും ലക്ഷ്യമിട്ടാണ് സന്ദർശനം.

&&&&&&&&&&&&&&&&&&

## PERU EMERGENCY

പെറു തലസ്ഥാനമായ ലിമയിൽ അടിയന്തിരാവസ്ഥ പ്രഖ്യാപിച്ചു. പ്രശസ്ത സംഗീത ബാൻഡായ അർമോണിയ 10-ലെ പ്രമുഖ ഗായകൻ പോൾ ഫ്ളോറസിനെ അക്രമികൾ വെടിവെച്ച് കൊലപ്പെടുത്തിയതിനെ തുടർന്നുണ്ടായ സംഘർഷത്തിൻറെ പശ്ചാത്തലത്തിലാണ് അടിയന്തിരാവസ്ഥ പ്രഖ്യാപിച്ചത്. ഇക്കഴിഞ്ഞ ഞായറാഴ്ചയാണ് ബാൻഡ് സംഘം സഞ്ചരിച്ചിരുന്ന ബസ് ആക്രമിക്കപ്പെട്ടത്.

&&&&&&&&&&&&&&&&&&&

## IMD-WEATHER

രാജ്യത്ത് വേനൽ ചൂട് കൂടുന്നു . ഗുജറാത്ത് തീരം, കൊങ്കൺ, ഗോവ, കർണാടകയുടെ വടക്കൻ ഉൾപ്രദേശങ്ങൾ എന്നിവിടങ്ങളിൽ ചൂടും ഈർപ്പവുമുള്ള കാലാവസ്ഥയും അനുഭവപ്പെടുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് . കൂടാതെ തെക്കൻ സംസ്ഥാനങ്ങളായ കേരളം, തമിഴ്നാട് എന്നിവിടങ്ങളിലും കർണാടകയുടെ തെക്കൻ ഉൾപ്രദേശങ്ങളിലും വടക്കു കിഴക്കൻ സംസ്ഥാനങ്ങളിലും ഇടിമിന്നലിനും സാധ്യത .

&&&&&&&&&&&&&&&&&&&

## INDONESIA-QUAKE

ഇന്തോനേഷ്യയിൽ ഇന്ന് മൂന്ന് ഭൂകമ്പങ്ങൾ ഉണ്ടായി, വടക്കൻ സുമാത്ര പ്രവിശ്യയിലാണ് 5.5 തീവ്രത

രേഖപ്പെടുത്തിയ ഭൂചലനം രാവിലെ അനുഭവപ്പെട്ടത് . ഭൂകമ്പത്തിൽ ഒരാൾ കൊല്ലപ്പെടുകയും മറ്റൊരാൾക്ക് പരിക്കേൽക്കുകയും ചെയ്തതായി ദുരന്ത നിവാരണ ഏജൻസി അറിയിച്ചു. നിരവധി വീടുകൾക്കും ഒരു റോഡിനും സാരമായ കേടുപാടുകൾ സംഭവിച്ചു.

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&

&&&&&&&&&&&&

&&&&&&&&

&&&&&&&

&&&&&&

&&&&

&&&

&&

&